**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5820** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ മൂലം പ്രതിസന്ധിയിലായ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് പശ്ചാത്തലത്തിൽ കൈത്തറി മേഖലയെ സഹായിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും അനുവദി ച്ചിരുന്നു. |
| (ബി) | യുവതലമുറയെ കൈത്തറി മേഖലയിലേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | യുവതലമുറയെ കൈത്തറിമേഖലയിലേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി കൈത്തറി മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി പ്രകാരം, സ്ഥിര നിക്ഷേപം, പ്രവർത്തന മൂലധനം, എന്നിവയ്ക്കായി സംരംഭകർക്ക് മാർജിൻമണി ഗ്രാന്റ് നൽകി പുതിയ സംരംഭം ആരംഭിക്കുന്നതിന് സഹായം നൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്ഥിരനിക്ഷേപത്തിന്റെ 40% പരമാവധി 4,00,000/- രൂപയും (നാല് ലക്ഷം രൂപ മാത്രം) പ്രവർത്തന മൂലധനത്തിന്റെ 30% പരമാവധി 1,50,000/- രൂപയും (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) മാർജിൻ മണി ഗ്രാന്റായി അനുവദിക്കുന്നു. 2) യുവ വീവ് കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി യാണിത്. 18നും 40നും മദ്ധ്യേ പ്രായമുള്ള വരാണ് ഈ പദ്ധിയുടെ ഗുണഭോക്താക്കൾ. സംസ്ഥാനത്തൊട്ടാകെ 20 പേർ അടങ്ങുന്ന 25 ബാച്ചുകളിലൂടെ 500 പേർക്ക് സൗജന്യമായി പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 6 മാസക്കാലയളവിൽ ആദ്യത്തെ മൂന്ന് |

| | | | |
|---|---|---|---|
| | | | മാസത്തെ പ്രൊബേഷൻ കാലയളവിൽ ശമ്പളവും നൽകുന്നതാണ്. പരിശീലനം, പ്രൊബേഷൻ എന്നിവ പൂർത്തിയാക്കിയവരിൽ ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സ്ഥിരതയും ഉറപ്പ് വരുത്തുന്നു. പരിശീലനാർത്ഥികൾ ഓരോ മാസവും 250 രൂപ നിരക്കിൽ സർക്കാർ വിഹിതവും തൊഴിലാളികളുടെ വേതനത്തിൽ നിന്ന് അത്രയും തന്നെ തുകയും ഈടാക്കി പോസ്റ്റ് ഓഫീസിൽ നിക്ഷേപിച്ചു നൽകുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി ഹാന്റ്‌ലൂം ഡയറക്ടർ ചെയർമാനായും കുടുംബശ്രീ സംസ്ഥാനതല ഉദ്യോഗസ്ഥൻ കൺവീനറായും ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന ഇൻകം സപ്പോർട്ടും പ്രൊഡക്ഷൻ ഇൻസെന്റീവും നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; ഇത് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിരുന്ന ഇൻകം സപ്പോർട്ടും പ്രൊഡക്ഷൻ ഇൻസെന്റീവും നിർത്തലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ